മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : കെ. എൽ. 01-ജി. 4444-ാം നമ്പർ കാറിൽ 3-3-2000-ത്തിന് രാവിലെ 10.30 മണിയോടു കൂടി യാത്ര ചെയ്യുന്ന സമയത്ത് ആനടിയിൽ ആശുപത്രിക്കു മുൻവശം പൊട്ടക്കുഴി ജംഗ്ഷനിൽ വച്ച് കാർ തടഞ്ഞു നിർത്തി പോലീസ് തന്നോടും കാറിലുണ്ടായിരുന്ന മറ്റുള്ളവരോടും മോശമായി പെരുമാറിയതായി കാണിച്ച് ഒരു പരാതി ബിനോയിയുടെ പിതാവ് അബ്ദുൽ ഖാദർ നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ വാഹനം വൺവേ തെറ്റിച്ച് ലോ കോളേജ് ഭാഗത്തേക്ക് പോകാൻ ശ്രമിച്ചപ്പോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ട്രാഫിക് കോൺസ്റ്റബിൾ വാഹനം തടഞ്ഞു. അപ്പോൾ വാഹനത്തിലുള്ളവർ കോൺസ്റ്റബിളിനെ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചതായി ട്രാഫിക് കോൺസ്റ്റബിൾ പരാതിപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തിവരുന്നു. അന്വേഷണം പൂർത്തിയാകുന്നതോടെ ആര് കുറ്റം ചെയ്താലും അവർക്കെതിരെ ശക്തിയായ നടപടികൾ സ്വീകരിക്കും.

(6) ആര്യനാട്-കുറ്റിച്ചലിലെ അനിൽ കുമാറിന് പോലീസ് മർദ്ദനമേറ്റതിനെത്തുടർന്ന് മാനസിക രോഗാശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നത് സംബന്ധിച്ച്

ശ്രീ. ജി. കാർത്തികേയൻ : എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുറ്റിച്ചൽ പഞ്ചായത്തിലെ അനിൽകുമാർ എന്നുപറയുന്ന ചെറുപ്പക്കാരനെ നെയ്യാർഡാം പോലീസ് ഒരു കേസുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തുകൊണ്ടുപോയി. ആ കേസിന്റെ പരിധിയിലേക്ക് കടക്കുന്നില്ല. തെറ്റ് ചെയ്താൽ ശിക്ഷിക്കണം. സാധാരണ പോലീസ് മർദ്ദിച്ചാൽ ആശുപത്രിയിലാകും, കൈകാലുകൾ പോകും, ചിലപ്പോൾ മരിച്ചുംപോകും. പോലീസിന്റെ മർദ്ദനമേറ്റ് മാനസിക രോഗാശുപത്രിയിൽ പ്രതി അഡ്മിറ്റ് ചെയ്യപ്പെടുന്നത് ഒരുപക്ഷേ കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ്. അനിൽകുമാർ എന്ന ചെറുപ്പക്കാരനെ പേരൂർക്കട മാനസിക രോഗാശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു. ഇപ്പോൾ ചികിൽസ കഴിഞ്ഞുമടങ്ങിപ്പോയി. പ്രതിയായി പിടിച്ചുകൊണ്ടുപോയ അനിൽകുമാറിനെ അത്രയും ക്രൂരമായി മർദ്ദിച്ചവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണം. ഇതു സംബന്ധിച്ച് അന്വേഷണം നടത്തണമെന്നും അങ്ങയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : നെയ്യാർഡാം മുണ്ടൻചിറയിൽ അനിൽകുമാർ അയൽവാസിയായ അനിതാഭവനിൽ ഇന്ദിരയുടെ വീട്ടിന്റെ തട്ടിന്റെ മുകളിൽ ഒളിച്ചിരുന്നതായും, ഇന്ദിരയുടെ നിലവിളികേട്ട് ഓടിക്കൂടിയ ആൾക്കാർ അനിൽ കുമാറിനെ ഇറക്കിവിട്ടതായും കുറച്ചുകഴിഞ്ഞു നോക്കിയപ്പോൾ വീട്ടിൽ സൂക്ഷിച്ചിരുന്ന രൂപ മോഷണം പോയതായും കാണിച്ച് ഇന്ദിര നെയ്യാർഡാം പോലീസ് സ്റ്റേഷനിൽ 4-2-2000-ത്തിന് ഒരു പരാതി നൽകിയിരുന്നു. ഇതു സംബന്ധിച്ച് നെയ്യാർഡാം പോലീസ് സ്റ്റേഷനിൽ ക്രൈം 72/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണവുമായി ബന്ധപ്പെട്ട് അറിയിപ്പു നൽകിയിട്ടും ഹാജരാകാത്തതിനാൽ 28-2-2000-ത്തിന് രാവിലെ 9 മണിക്ക് രണ്ട് പോലീസുകാർ അനിൽകുമാറിനെ പോലീസ് സ്റ്റേഷനിൽ കൂട്ടികൊണ്ടുവന്ന് ചോദ്യം ചെയ്ത് താക്കീത് നൽകി വിട്ടു. 28-2-2000-ത്തിന് അനിൽകുമാർ

LIBRARY ARCHIVES Kerala Legislative Assembly

പേരൂർക്കട മാനസികരോഗാശുപത്രിയിൽ അഡ്മിറ്റാവുകയും 4-3-2000-ത്തിന് അവിടെ നിന്നും ഡിസ്ചാർജ് ചെയ്യപ്പെടുകയും ഉണ്ടായി. പോലീസ് മർദ്ദിച്ചതായി അനിൽകുമാറിൽനിന്ന് പരാതിയൊന്നും ലഭിച്ചിട്ടില്ല. അനിൽകുമാറിനെ പോലീസുകാർ മർദ്ദിച്ചതായി ചില പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ഇതെക്കുറിച്ച് അന്വേഷിക്കുവാൻ തിരുവനന്തപുരം ജില്ലാ റൂറൽ പോലീസ് സൂപ്രണ്ടിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(7) ചെറുകിട കരാറുകാരെ രജിസ്ട്രേഷനിൽ നിന്നും ഒഴിവാക്കൽ

ശ്രീ. ടി. നാണു മാസ്റ്റർ : സർ, നമ്മുടെ സംസ്ഥാനത്തിലെ പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പിലെ ചെറുകിടക്കാരായ കരാറുകാരെ രജിസ്ട്രേഷൻ സമ്പ്രദായത്തിൽ നിന്ന് ഒഴിവാക്കണമെന്നാണ് വിനീതമായി ആവശ്യപ്പെടുന്നത്. അവരുടെ കഴിഞ്ഞ സംസ്ഥാന സമ്മേളനത്തിലും മറ്റു രണ്ടു പ്രാവശ്യം സഭയിൽ ഞാൻ ഉന്നയിച്ചപ്പോഴും അതു പരിഗണിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകിയത്. ചെറുകിടക്കാരുടെ പ്രശ്നങ്ങൾക്ക് ഗവൺമെന്റ് അനുഭാവപൂർണമായ പരിഗണന നൽകിയിട്ടുണ്ട്. 1998-ലെ സെയിൽസ് ടാക്സ് നിയമത്തിലെ C.No. 12/98/Tax, works Contracts and luxury Tax -വ്യവസ്ഥപ്രകാരമാണ് രജിസ്ട്രേഷൻ സമ്പ്രദായം ചെറുകിട കരാറുകാർക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അവരുടെ കണക്ക് സൂക്ഷിക്കുന്നതിനും വർക്ക് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനും ചില ബുദ്ധിമുട്ടുകളുണ്ട്. ഉദ്യോഗസ്ഥന്മാർക്ക് ആ കണക്കുകളും വർക്ക് സ്റ്റേജുമൊക്കെ എഴുതുന്നതിന് പ്രയാസങ്ങളുണ്ട്. അതെല്ലാം കണക്കിലെടുത്ത് അവരുമായി ചർച്ച ചെയ്തശേഷമാണ് കോമ്പൗണ്ട് ടാക്സ് എന്ന നിലയിൽ രണ്ടുശതമാനം അംഗീകരിച്ചത്. അതു സ്വാഗതാർഹമാണ്. എന്നാൽ രജിസ്റ്റർ ചെയ്യാത്തവരിൽ നിന്ന് അഞ്ചരശതമാനം ടാക്സ് ഈടാക്കി വരുന്നുണ്ട്. അതിൽ പല ബുദ്ധിമുട്ടുകളുമുണ്ട്. എന്നാൽ രണ്ടുശതമാനം അടയ്ക്കുന്ന വൻകിടക്കാരായ ആളുകൾ, അവരുടെ കണക്കെല്ലാം കൃത്യമായി എഴുതാനുള്ള സംവിധാനമുണ്ട്. ഗവൺമെന്റിന് നഷ്ടവും സംഭവിക്കുന്നുണ്ട്. എന്നാൽ ചെറുകിടക്കാരായിട്ടുള്ളവരുടെ പ്രത്യേക വിഷമതകൾ കണക്കിലെടുത്ത് ചർച്ചയുടെ അടിസ്ഥാനത്തിൽ ചുമത്തിയിട്ടുള്ള രണ്ടുശതമാനം കോമ്പൗണ്ട് ഇന്ററസ്റ്റ് നിലനിർത്തിക്കൊണ്ടു തന്നെ രജിസ്ട്രേഷൻ എടുക്കുന്ന സമ്പ്രദായത്തിൽ നിന്ന് അവരെ ഒഴിവാക്കണം, അനുഭാവപൂർവം അതിനു തീരുമാനമുണ്ടാകണമെന്ന് വിനീതമായി ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ചെറുകിട കരാറുകാർ വിൽപ്പനനികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്യണമെന്നുള്ള വ്യവസ്ഥ പുതിയതായി ഏർപ്പെടുത്തിയതല്ല. 1984 മുതൽ നിലവിലുള്ളതാണ്. നിലവിലുള്ള നിയമപ്രകാരം വാർഷിക ടേണോവർ ഒരു ലക്ഷം രൂപയിൽ കവിഞ്ഞാൽ മറ്റു വ്യാപാരികളെപ്പോലെ കരാറുകാരും രജിസ്ട്രേഷൻ എടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ ടേണോവർ രണ്ടു ലക്ഷത്തിലെത്തുമ്പോൾ മാത്രമാണ് നികുതി ബാധ്യതയുണ്ടാവുക. നിയമപ്രകാരം ബാധ്യത ഉന്നയിച്ചിട്ടും രജിസ്ട്രേഷൻ എടുക്കാതിരുന്നത് വിൽപ്പന നികുതി നിയമപ്രകാരം കുറ്റകരവും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾക്ക് വിധേയമാക്കപ്പെടാവുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly